## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 581

29.05.2019 ൽ മറുപടിക്ക്

### സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. ഷാഫി പറമ്പിൽ : | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ അനുമതികളും സൗകര്യങ്ങളും അതിവേഗം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ കൊണ്ടുവന്ന കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 നടപ്പിലാക്കിയ ശേഷം വ്യവസായ രംഗത്ത് എന്ത് മാറ്റമാണ് വന്നിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 നടപ്പിലാക്കിയ ശേഷം കേരളത്തിൽ വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാരീതി, സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പുകളിൽ നിന്നുള്ള സമയബന്ധിതമായ അനുമതികൾ നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കാനാകും എന്നതാണ് വ്യവസായ രംഗത്ത് വന്നിട്ടുള്ള പ്രധാനമാറ്റങ്ങൾ. |
| (ബി) | വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും അനുമതി ലഭിക്കുന്നതിന് ഏർപ്പെടുത്തിയ ഏകജാലക ഓൺലൈൻ സംവിധാനം വിജയപ്രദമാണോ; | (ബി) & (സി) | വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും അനുമതി എളുപ്പത്തിൽ ലഭിക്കുന്നതിന് പുതിയ സംരംഭകർക്കായുള്ള ഓൺലൈൻ ഏകജാലക സംവിധാനം (കെ സിഫ്റ്റ്) 11.02.2019 മുതൽ വിജയകരമായി പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനത്തിൽ നാളിതുവരെ പാളിച്ചകളൊന്നും ഉണ്ടായതായി നോഡൽ ഏജൻസിയായ കെ.എസ്.ഐ.ഡി.സി റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (സി) | പ്രസ്തുത സംവിധാനത്തിൽ വ്യാപകമായ പാളിച്ചകൾ ഉള്ളതായ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| (ഡി) | വ്യവസായ യൂണിറ്റുകൾക്കായി ബഹുനില വ്യവസായ സമുച്ചയങ്ങൾ ആരംഭിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് അവ ആരംഭിക്കുന്നതെന്ന് അറിയിക്കുമോ ; | (ഡി) | ഉണ്ട്. കേരളത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറുടെ നിയന്ത്രണത്തിൽ കുറഞ്ഞ ഭൂവിസ്തൃതി ഉപയോഗപ്പെടുത്തി കൂടുതൽ യൂണിറ്റുകളെ അധിവസിപ്പിക്കുക എന്ന ഉദ്ദേശത്തിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കുക എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. എറണാകുളത്തെ എടയാറിൽ ഒരു സമുച്ചയം നിർമ്മിച്ച് സംരംഭകർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ പുഴയ്ക്കൽപ്പാടത്ത് രണ്ട് ബഹുനില സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ആലപ്പുഴ പുന്നപ്രയിൽ ഒരു ബഹുനില സമുച്ചയത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരത്ത് കൊച്ചുവേളിയിലും പാലക്കാട് പുതുശ്ശേരിയിലും ഷൊർണ്ണൂരിലും ബഹുനില സമുച്ചയങ്ങളുടെ നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. തൃശ്ശൂർ ജില്ലയിലെ വരവൂരിൽ 8.55 ഏക്കർ സ്ഥലത്തെ അടിസ്ഥാന സൗകര്യം വികസനത്തിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.<br><br>വ്യവസായ യൂണിറ്റുകൾക്കായി കിൻഫ്രയുടെ ബഹുനില വ്യവസായ സമുച്ചയങ്ങൾ തൃശ്ശൂർ(കൊരട്ടി), കോഴിക്കോട്(രാമനാട്ടുകര), മലപ്പുറം(കാക്കഞ്ചേരി), എറണാകുളം(കാക്കനാട്,) തിരുവനന്തപുരം(കഴക്കൂട്ടം) എന്നിവിടങ്ങളിലാണ്. കൂടാതെ സിഡ്കോയുടെ അധീനതയിൽ തിരുവനന്തപുരം ജില്ലയിലെ അമരവിളയിലും, കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം മിനി വ്യവസായ എസ്റ്റേറ്റിലും ബഹുനില വ്യവസായ സമുച്ചയങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരികയാണ്. |
| (ഇ) | മുഖ്യമന്ത്രിയുടെ വിദേശസന്ദർശനത്തിലൂടെ പുതിയ വ്യവസായ നിക്ഷേപം സംസ്ഥാനത്തേക്ക് കൊണ്ടുവരുവാൻ കഴിയുമെന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കുമോ? | (ഇ) | മുഖ്യമന്ത്രിയുടെ വിദേശസന്ദർശനത്തിലൂടെ ലോകരാജ്യങ്ങളുമായി കേരളത്തിന്റെ ബന്ധം ശക്തിപ്പെടുത്തുവാനും സംസ്ഥാനത്ത് നടപ്പിലാക്കിയ 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്' നടപടിക്രമങ്ങൾ അവിടത്തെ നിക്ഷേപകരെ ബോധ്യപ്പെടുത്തി പുതിയ വ്യവസായ നിക്ഷേപം സംസ്ഥാനത്തേക്ക് കൊണ്ടുവരുവാൻ അവരെ പ്രേരിപ്പിക്കുന്നതുമായിരുന്നു . |

സെക്ഷൻ ഓഫീസർ